# തോക്കു ചൂണ്ടി കവർച്ച: പ്രധാന പ്രതി അറസ്റ്റിൽ



ഗോപി

പാലക്കാട് ● വാഹനം തടഞ്ഞു നിർത്തി തോക്കുചൂണ്ടി കവർച്ച നടത്തിയ കേസിൽ പ്രധാന പ്രതിയെ സൗത്ത് പൊലീസ് അറസ്റ്റ് ചെയ്തു.

കൊടുമ്പ് കല്ലിങ്കൽ സ്വദേശി ഗോപി (38-തോക്ക് ഗോപി) ആണ് അറസ്റ്റിലായത്. കേസിൽ നേരത്തെ മൂന്നുപേരെ അറസ്റ്റ് ചെയ്തിരുന്നു. വണ്ടിത്താവളം സ്വദേശി വിനീത് ബാബുവിന്റെ പരാതിയിലാണു നടപടി.

2017 നവംബറിലാണു കേസിനാസ്പദമായ സംഭവം. കല്ലിങ്കലിൽ സുഹൃത്തിന്റെ വിവാഹ സൽക്കാരത്തിൽ പങ്കെടുക്കാൻ പോകുന്നതിനിടെയാണു വിനീത് ബാബുവിന്റെ വാഹനം തടഞ്ഞു നിർത്തി തോക്കു ചൂണ്ടി സംഘം പണം കവർന്നത്. വിനീത് ബാബുവിനെ മർദിച്ചശേഷം സംഘം കടന്നു. കാർ കച്ചവടം നടത്തിയതു സംബന്ധിച്ച മുൻവൈരാഗ്യമാണു സംഭവത്തിനു പിന്നിലെന്നു പൊലീസ് പറഞ്ഞു. സംഭവത്തിനുശേഷം ഒളിവിലായിരുന്ന ഗോപിയെ പുതുച്ചേരിയിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ ടൗൺ സൗത്ത്, ചിറ്റൂർ, കസബ സ്റ്റേഷനുകളിലായി കൊലപാതകശ്രമം, സ്പിരിറ്റ് കടത്ത്, മാരകായുധം കൈവശംവയ്ക്കൽ എന്നീ കേസുകളുണ്ടെന്നു പൊലീസ് പറഞ്ഞു. തേഞ്ഞിപ്പലത്ത് വഞ്ചനാ കേസും തൃശൂർ, കൊലഴി എക്സൈസ് റേഞ്ചിൽ സ്പിരിറ്റ് കടത്ത് കേസും നിലവിലുണ്ട്. സൗത്ത് ഇൻസ്പെക്ടർ ആർ.മനോജ് കുമാർ, എസ്ഐ മുരളീധരൻ ക്രൈം സ്ക്വാഡ് അംഗങ്ങളായ സാജിദ്, അബ്ദുൽ സത്താർ, മുഹമ്മദ് ഷാനോസ്, സജീഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്. ഗോപിയെ കോടതി റിമാൻഡ് ചെയ്തു.